**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1335** **10-10-2024 - ൽ മറുപടിയ്ക്ക്**

**മലയോര ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇടയ്ക്കിടെയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ മലയോര ടൂറിസം മേഖലയിലേക്കുള്ള സന്ദർശനം നിയന്ത്രണ വിധേയമാക്കുവാൻ ഹൈക്കോടതി നിർദ്ദേശമുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മലയോര ടൂറിസം മേഖലയെക്കുറിച്ച് പഠനം നടത്തണമെന്ന ഹൈക്കോടതി നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് സംസ്ഥാനത്തെ എല്ലാ ഹിൽ സ്റ്റേഷൻ ഡെസ്റ്റിനേഷനുകളിലേയും കാരിയിങ്ങ് കപ്പാസിറ്റി അസസ്മെന്റ് നടത്തി സമഗ്ര റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാനത്ത് 18 ഇക്കോടൂറിസം ഡെസ്റ്റിനേഷനുകളിൽ വനം വന്യജീവി വകുപ്പ് കാരിയിംഗ് കപ്പാസിറ്റി പഠനം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കേരളത്തിൽ എത്തുന്ന ഓവർ നൈറ്റ് ആഭ്യന്തര വിദേശ ടൂറിസ്റ്റ് സന്ദർശകർ 5 ലക്ഷത്തിൽ കൂടുതൽ എത്തുന്ന, 4 ജനപ്രിയ ഹിൽ സ്റ്റേഷൻ ഡെസ്റ്റിനേഷനുകളുടെ കാരിയിംഗ് കപ്പാസിറ്റി പഠനം 2023-ൽ വകുപ്പ് നടത്തിയിട്ടുണ്ട്. അതിനോടൊപ്പം ഈ ഡെസ്റ്റിനേഷനുകളിൽ ലഭ്യമായ താമസ സൗകര്യങ്ങളുടെ വിവരങ്ങളും വകുപ്പ് ശേഖരിച്ചിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി നിർദ്ദേശം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹിൽ സ്റ്റേഷൻ ഡെസ്റ്റിനേഷനുകളിലെ നിയമാനുസൃതമായ താമസസൗകര്യങ്ങളുടെ വിവരം ലഭ്യമാക്കുന്നതിന് സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിലെ കാരീയിംഗ് കപ്പാസിറ്റി പഠനത്തിന് അനുയോജ്യരായ ഏജൻസികളെ കണ്ടെത്താൻ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ അധികരിക്കുന്നത് വന്യജീവികൾക്കും പരിസ്ഥിതിക്കും ദോഷം വരുത്തുമെന്നതിനാൽ സംസ്ഥാനത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക്ക് ബോട്ടിലിലുള്ള 500 മില്ലി ലിറ്റർ, 1 ലിറ്റർ, 1.5 ലിറ്റർ കുപ്പി വെള്ളം/ശീതള പാനീയങ്ങളുടെ വില്പന നിയന്ത്രിച്ച് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനോ 5 ലിറ്റർ ബോട്ടിലുകളിലെ വിപണനം മാത്രമാക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കുമോ; കൂടാതെ പ്ലാസ്റ്റിക്ക് കവറുകളിലുള്ള സ്നാക്സ്/വറുത്ത പലഹാരങ്ങളുടെ വിപണനം എന്നിവ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | മാലിന്യമുക്ത നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും ഒഴിവാക്കുന്നതിനും ടൂറിസം കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഹിൽ സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിലിനു നിയന്ത്രണം വരുത്തിയിട്ടുണ്ട് . ടൂറിസം വകുപ്പ് നടപ്പിലാക്കിയ ഗ്രീൻ കാർപെറ്റ് പദ്ധതി പ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വനം മേഖലയിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ നിയന്ത്രണം വനം വകുപ്പിനും കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനുമാണ് . |
| (സി) | സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ എൻട്രി ഫീസ് പിരിക്കുന്നതിന് യു.പി.ഐ. അടക്കമുള്ള പേയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ? | (സി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലും എൻട്രി ഫീസ് പിരിക്കുന്നതിന് യു.പി.ഐ. അടക്കമുള്ള പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ